തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ നവീകരണം

189 [1795] *ശ്രീ. എം. എ. വാഹീദ് :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇതുവരെ തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ നവീകരണത്തിനായി എത്ര രൂപ ചെലവഴിച്ചു; ഇക്കാര്യത്തിൽ കേരളത്തിലെ മറ്റ് മെഡിക്കൽ കോളേജുകളെ അപേക്ഷിച്ച് ഇവിടെ എത്ര രൂപ അധികം ചെലവഴിച്ചിട്ടുണ്ട്;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഇനി ഏതൊക്കെ പദ്ധതികളാണ് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ നവീകരണത്തിനായി 1,73,54,101 രൂപ ചെലവഴിച്ചിട്ടുണ്ട്. മറ്റ് മെഡിക്കൽകോളേജുകളെ അപേക്ഷിച്ച് 50 ലക്ഷം രൂപ കുറവാണ് ഈ തുക.

(ബി) ഈ സർക്കാരിന്റെ കാലത്ത് ഇനി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

1. ട്രോമാ കെയർ യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കുക.
2. സൈക്യാട്രി വിഭാഗത്തിന്റെ വികസനം.
3. റേഡിയോ തെറാപ്പി വിഭാഗത്തിന്റെ നവീകരണം.
4. മെഡിക്കൽ കോളേജിനോടനുബന്ധിച്ചുള്ള ആശുപത്രികളിലെ മാലിന്യ നിർമ്മാർജ്ജനം.
5. സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണം.

ആശുപത്രികളിലെ അടിയന്തിര ശസ്ത്രക്രിയാ ടേബിളുകൾ

190 [1796] *ശ്രീ. കെ. സുധാകരൻ :*
,, കെ. മുഹമ്മദാലി :
,, കെ. സി. ജോസഫ് :
പ്രൊഫ. എ. ഡി. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രികളിലോ രോന്നിലുമുള്ള അടിയന്തിര ശസ്ത്രക്രിയാ തിയേറ്ററുകളിൽ എത്ര ടേബിളുകൾ വീതമുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly